REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-10-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ന് മഹാനവമി. നാളെ വിജയദശമി ദിനത്തിൽ പുലർച്ചെ വിദ്യാരംഭ ചടങ്ങുകൾ ആരംഭിക്കും.**
- **ചെന്നൈയ്ക്ക് സമീപം ട്രെയിനപകടം. മൈസൂരു-ദർഭംഗ എക്സ്പ്രസ്സും ചരക്ക് ട്രെയിനും കൂട്ടിയിടിച്ചു- വൻദുരന്തം ഒഴിവായി.**
- **തിരുച്ചിറപ്പള്ളി - ഷാർജ എയർ ഇന്ത്യ എക്സ്പ്രസ് വിമാനം സാങ്കേതിക തകരാറിനെ തുടർന്ന് തിരിച്ചിറക്കി.**
- **സംസ്ഥാനത്ത് ചൊവ്വാഴ്ച്ച വരെ ശക്തമായ മഴ തുടരും-എട്ടു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
- **ഇന്ത്യ ബംഗ്ലാദേശ് മൂന്നാം ട്വന്റി -20 ക്രിക്കറ്റ് മൽസരം ഇന്ന്.**

## വാർത്തകൾ വിശദമായി

ഇന്ന് മഹാനവമി. നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഗ്രന്ഥപൂജയും ആയുധപൂജയും വെള്ളിയാഴ്ച തന്നെ ആരംഭിച്ചിരുന്നു. നാളെ പുലർച്ചെ വിജയദശമി ദിനത്തിൽ വിദ്യാരംഭ ചടങ്ങുകൾ ആരംഭിക്കും.

**...ഡെസ്ക് റിപ്പോർട്ട്...**

കോട്ടയം പനച്ചിക്കാട് ദക്ഷിണ മൂകാംബിക ക്ഷേത്രം, ചോറ്റാനിക്കര ദേവി ക്ഷേത്രം, തിരൂർ തുഞ്ചൻപറമ്പ്, ലക്കിടി കിള്ളിക്കുറിശ്ശിമംഗലം കുഞ്ചൻസ്മാരകം, ചേർപ്പ് തിരുവുള്ളക്കാവ്, എന്നിവയടക്കം പ്രമുഖ ക്ഷേത്രങ്ങളിലെല്ലാം തന്നെ എഴുത്തിനിരുത്ത് ചടങ്ങിൽ ആയിരങ്ങൾ പങ്കെടുക്കും.

കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിലും ഉത്തരേന്ത്യയിലും ഇന്നാണ് വിജയദശമി. മൂകാംബിക ക്ഷേത്രത്തിൽ പുലർച്ചെ തന്നെ വിദ്യാരംഭച്ചടങ്ങുകൾ ആരംഭിച്ചു. ഒട്ടേറെ കുരുന്നുകൾ സരസ്വതീ പ്രസാദത്തിനായി മൂകാംബികയിലെത്തിയിട്ടുണ്ട്.

രാഷ്ട്രപതി ദ്രൗപതി മുർമു ജനങ്ങൾക്ക് വിജയദശമി ആശംസകൾ നേർന്നു. അനീതിക്ക് മേൽ നീതിയുടെ വിജയം പ്രകാശിപ്പിക്കുന്ന ഉത്സവമാണ് വിജയദശമി എന്ന് അവർ ആശംസാ സന്ദേശത്തിൽ പറഞ്ഞു. എല്ലാവർക്കും സന്തോഷവും സമൃദ്ധിയും വിജയവും നൽകുന്ന അവസരമായി വിജയദശമി മാറട്ടെയെന്ന് അവർ ആശംസിച്ചു.

നവരാത്രിയുടെ സമാപനമായ മഹാനവമി പൂജയും, ആഘോഷവും നാളെ നടക്കും.

രണ്ടാം ദസറ എന്നറിയപ്പെടുന്ന കണ്ണൂരിലെ ദസറ ആഘോഷങ്ങൾ ഇന്ന് സമാപിക്കും. സമാപന സമ്മേളനം വൈകീട്ട് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. നഗരത്തിലെ വിവിധ കോവിലുകളിൽ വൈകുന്നേരങ്ങളിൽ നടക്കുന്ന സംഗീത നൃത്ത പരിപാടികൾക്കായി നിരവധി ആളുകൾ എത്തുന്നുണ്ട്.

✪✪✪

ചെന്നൈയ്ക്ക് സമീപം കവരപ്പേട്ടൈ ഗുമ്മിഡിപൂണ്ടിയിൽ മൈസൂരു-ദർഭംഗ എക്സ്പ്രസ്സും ചരക്ക് ട്രെയിനും കൂട്ടിയിടിച്ചു. ഏതാനും ബോഗികൾ പാളം തെറ്റിയെങ്കിലും വൻദുരന്തം ഒഴിവായി. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. ഏതാനും യാത്രക്കാർക്ക് പരിക്കേറ്റു. അപകടത്തെ തുടർന്ന് ട്രെയിനിന്റെ പാഴ്സൽ വാനിന് തീപിടിച്ചു. അഗ്നി സേനയെത്തി തീയണച്ചു.

രാത്രി 8.50ഓടെ ദർഭംഗ എക്സ്പ്രസ് മറ്റൊരു പാളത്തിലേക്ക് കയറി അവിടെ നിർത്തിയിട്ടിരുന്ന ചരക്ക് ട്രെയിനിൽ ഇടിക്കുകയായിരുന്നുവെന്ന് റെയിൽവേ കേന്ദ്രങ്ങൾ അറിയിച്ചു. അപകടത്തെ തുടർന്ന് ചെന്നൈ - ഗുഡൂർ പാതയിലെ ട്രെയിനുകൾ വഴി തിരിച്ചു വിട്ടു.

✪✪✪

തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ നിന്ന് ഷാർജയിലേക്ക് പുറപ്പെട്ട എയർ ഇന്ത്യ എക്സ്പ്രസ് വിമാനം സാങ്കേതിക തകരാറിനെ തുടർന്ന് തിരിച്ചിറക്കി. ലാന്റിംഗ് ഗിയറിൽ തകരാർ ഉണ്ടായതിനെ തുടർന്നാണ് വിമാനം തിരിച്ചിറക്കേണ്ടി വന്നത്. രണ്ട് മണിക്കൂറോളം ആകാശത്ത് ചുറ്റി പറന്ന പരമാവധി ഇന്ധനവും തീർത്ത ശേഷമാണ് വിമാനം സുരക്ഷിതമായി ലാന്റ് ചെയ്തത്. അടിയന്തര സാഹചര്യം നേരിടാൻ എല്ലാ തയ്യാറെടുപ്പുകളും വിമാനത്താവളത്തിൽ

ഒരുക്കിയിരുന്നു. 154 യാത്രക്കാരും വിമാനജീവനക്കാരും എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിലുണ്ടായിരുന്നു.

സംഭവത്തെ പറ്റി വിശദ അന്വേഷണത്തിന് സിവിൽ വ്യോമയാന ഡയറക്ടറേറ്റ് ജനറൽ നിർദേശം നൽകി.

✪✪✪

മഹാരാഷ്ട്രയിലെ ദേവ്‌ലാലി ഫീൽഡ് ഫയറിംഗ് റേഞ്ചിൽ പരിശീലനത്തിനിടെ രണ്ട് അഗ്നിവീറുകൾക്ക് ജീവൻ നഷ്ടമായി. ഗുജറാത്തിലെ രാജ്കോട്ട് സ്വദേശിയും പശ്ചിമ ബംഗാൾ സ്വദേശിയുമാണ് അപകടത്തിൽ പെട്ടതെന്ന് സൈന്യം അറിയിച്ചു. അപകടത്തിന്റെ കാരണം കണ്ടെത്താൻ സൈനിക കോടതി അന്വേഷണത്തിന് നിർദേശം നൽകി.

✪✪✪

ഭിന്നശേഷിക്കാരുടെ ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങളുടെ ഉപയോഗം അവലോകനം ചെയ്യണമെന്നും മെച്ചപ്പെടുത്തണമെന്നും മുഴുവൻ ഡിജിറ്റൽ പേയ്മെന്റ് സേവനദാതാക്കൾക്കും റിസർവ് ബാങ്ക് നിർദേശം നൽകി.
സ്വൈപ്പിംഗ് മെഷീനുകൾ ഭിന്നശേഷിക്കാർക്ക് എളുപ്പത്തിൽ ഉപയോഗിക്കാവുന്ന തരത്തിലേക്ക് മാറ്റണമെന്നും റിസർവ് ബാങ്ക് ആവശ്യപ്പെട്ടു.

✪✪✪

2024-25 സാമ്പത്തിക വർഷം ഇതുവരെ 13 ലക്ഷത്തി 57000 കോടി രൂപയിലധികം പ്രത്യക്ഷനികുതി, ആദായ നികുതി വകുപ്പ് പിരിച്ചെടുത്തു. ഇതിൽ ഏഴുലക്ഷം കോടിയിലധികം രൂപയുടെ വ്യക്തിഗത ആദായനികുതിയും ആറുലക്ഷം കോടിയിലധികം രൂപയുടെ കോർപ്പറേറ്റ് നികുതിയും ഉൾപ്പെടുന്നു.

✪✪✪

പ്രധാനമന്ത്രി-സൂര്യ ഘർ: മുഫ്ത് ബിജ്‌ലി യോജനയ്ക്ക് കീഴിൽ നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്രം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. സ്കീം ഇന്നൊവേറ്റീവ് പദ്ധതികൾക്ക് കീഴിൽ, പുരപ്പുറ സൗരോർജ്ജ സാങ്കേതികവിദ്യകൾ, ബിസിനസ് മോഡലുകൾ, സംയോജന സാങ്കേതിക വിദ്യകൾ എന്നീ മേഖലകളിൽ അഞ്ഞൂറ് കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

✪✪✪

നൈപുണ്യ വികസനം ലക്ഷ്യമിട്ട് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച PM ഇന്റേൺഷിപ്പ് പദ്ധതിക്കായി ഉദ്യോഗാർത്ഥികൾക്ക് ഇന്ന് മുതൽ രജിസ്റ്റർ

ചെയ്യാം. pminternship.mca.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെ 21 നും 24 നും ഇടയിൽ പ്രായക്കാരായവർക്ക് അപേക്ഷിക്കാം.

✪✪✪

ലാവോ PDR ൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി പ്രത്യേക ചർച്ച നടത്തിയെന്ന കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ പരാമർശം ഇന്ത്യ തള്ളി. ഇത്തരത്തിൽ ചർച്ചകളൊന്നും ഉണ്ടായിട്ടില്ലെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു. കാനഡയുമായി മികച്ച ബന്ധം ഇന്ത്യ ആഗ്രഹിക്കുന്നുണ്ടെങ്കിലും കാനഡയിലെ ഇന്ത്യാ വിരുദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി തടയാതെ ബന്ധങ്ങൾ മെച്ചപ്പെടില്ലന്ന് ഇന്ത്യ വ്യക്തമാക്കി.

✪✪✪

ഇന്ന് ലോക ആർത്രൈറ്റിസ് ദിനം. ആർത്രൈറ്റിസിനെക്കുറിച്ചും മറ്റ് അസ്ഥി-പേശി രോഗങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനാണ് എല്ലാ വർഷവും ഒക്ടോബർ 12 ന് ലോക ആർത്രൈറ്റിസ് ദിനമായി ആചരിക്കുന്നത്. ആർത്രൈറ്റിസ് നേരത്തെ തിരിച്ചറിഞ്ഞ് കൃത്യമായ ചികിൽസ ഉറപ്പു വരുത്തണമെന്നും സ്വയം ചികിൽസ പാടില്ലെന്നും എയിംസിലെ റുമറ്റോളജി വിഭാഗം മേധാവി ഡോ. ഉമ കുമാർ ആകാശവാണിയോട് പറഞ്ഞു.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് കോഴിക്കോട് ജില്ലയിൽ വിവിധ പരിപാടികളിൽ സംബന്ധിക്കും. രാവിലെ BJP മെമ്പർഷിപ്പ് ക്യാംപയിന്റെ ഭാഗമായി തളിയിൽ മഹിളാ മോർച്ചയുടെ പരിപാടി അദ്ദേഹം ഉദ്ഘാടനം ചെയ്യും.

കോഴിക്കോട് കേസരി നവരാത്രി സർഗോത്സവത്തിന്റെ ഭാഗമായി വൈകിട്ട് കേസരി ഭവനിൽ സാംസ്കാരിക സമ്മേളനത്തിലും കേന്ദ്രസഹമന്ത്രി പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് ചൊവ്വാഴ്ച്ച വരെ ശക്തമായ മഴ തുടരും. തിരുവനന്തപുരം,പത്തനംതിട്ട,കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

അതിതീവ്ര മഴയ്ക്കും മോശം കാലാവസ്ഥക്കും സാധ്യത കണക്കിലെടുത്ത് കേരള - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

മഞ്ചേശ്വരം കേസിൽ BJP സംസ്ഥാന പ്രസിഡൻറ് K സുരേന്ദ്രനെതിരെ ദുഷ്പ്രചരണം നടക്കുകയാണെന്ന് പാർട്ടി ലീഗൽ സെൽ സംസ്ഥാന കൺവീനർ P കൃഷ്ണദാസ് ആരോപിച്ചു. കെട്ടിച്ചമച്ച കേസായതുകൊണ്ടാണ് പ്രതികളെ കോടതി കുറ്റവിമുക്തരാക്കിയതെന്നും അതിനെതിരായ ഇടത്-വലത് മുന്നണികളുടെ പ്രചാരണവേലകൾ ജുഡീഷ്യറിയുടെ വിശ്വാസ്യത തകർക്കുന്ന രീതിയിലാണെന്നും കൃഷ്ണദാസ് കൊച്ചിയിൽ പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

ദുബായിൽ വനിതാ ട്വന്റി 20 ലോകകപ്പിൽ നിലവിൽ ചാമ്പ്യന്മാരായ ഓസ്ട്രേലിയ, പാക്കിസ്ഥാനെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തി. നാളെ ഗ്രൂപ്പ് ഘട്ടത്തിലെ അവസാന മത്സരത്തിൽ ഇന്ത്യ ഓസ്ട്രേലിയ നേരിടും.

✪✪✪

ബുധനാഴ്ച്ച ബംഗളുരുവിൽ ആരംഭിക്കുന്ന ഇന്ത്യാ ന്യൂസിലാൻഡ് ടെസ്റ്റ് പരമ്പരക്ക് ഇന്ത്യൻ ടീമിനെ BCCI പ്രഖ്യാപിച്ചു. രോഹിത് ശർമ നായകനാകുന്ന 15 അംഗ ടീമിൽ പരിക്ക് മൂലം വിശ്രമത്തിൽ കഴിയുന്ന മുഹമ്മദ് ഷമി ഉൾപ്പെട്ടിട്ടില്ല. ബംഗ്ലാദേശിനെതിരെ കളിച്ച ടെസ്റ്റ് ടീമിൽ മാറ്റങ്ങളൊന്നുമില്ലാതെയാണ് ഇന്ത്യ ന്യൂസിലാൻഡിനെതിരെയും ടീമിനെ പ്രഖ്യാപിച്ചിരിക്കുന്നത്. ഇന്ത്യൻ ടെസ്റ്റ് ടീം ഉപനായകനായി ജസ്പ്രീത് ബുംമ്രയും തിരികെയെത്തിയിട്ടുണ്ട്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ തിരുവനന്തപുരം കൊമ്പൻസിന് രണ്ടാം വിജയം. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ തൃശൂർ മാജിക് FC യെ രണ്ട് ഗോളിനാണ് അവർ തോൽപ്പിച്ചത്. ഇതോടെ എഴ് കളികളിൽ നിന്ന് കൊമ്പൻസിന് ഒമ്പത് പോയന്റ് ലഭിച്ചു. ഇതുവരെ ലീഗിൽ ജയിക്കാൻ കഴിയാത്ത തൃശൂരിന് ഏഴ് കളികളിൽ നിന്ന് രണ്ട് പോയന്റ്മാത്രമാണ് ലഭിച്ചത്. ഇന്ന് കാലിക്കറ്റ് FC മലപ്പുറം FC യെ നേരിടും. വൈകിട്ട് ഏഴരക്ക് കോഴിക്കോട് EMS സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

53-മത് കല്ലട വള്ളംകളി ഉച്ചകഴിഞ്ഞ് മൺട്രോത്തുരുത്തിൽ മന്ത്രി J. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. ഇത്തവണ മത്സരത്തിൽ ചുണ്ടൻവള്ളങ്ങൾ ഉണ്ടായിരിക്കില്ല. ഇരുട്ട് കുത്തി A,B, വെപ്പ് A,B വിഭാഗത്തിൽ പതിനഞ്ചോളം വള്ളങ്ങളും അലങ്കാരവള്ളങ്ങളും പങ്കെടുക്കും.

✪✪✪

ഇന്ത്യ ബംഗ്ലാദേശ് മൂന്നാം ട്വന്റി -20 ക്രിക്കറ്റ് മൽസരം ഇന്ന്. രാത്രി 7 ന് ഹൈദരാബാദിലാണ് മൽസരം. രണ്ടു മൽസരങ്ങളിൽ ജയിച്ച് ഇന്ത്യ പരമ്പര സ്വന്തമാക്കിയിരുന്നു.

✪✪✪

സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾക്ക് കരുത്തു പകർന്ന, മുഹമ്മദ്അബ്ദുറഹിമാന്റെ അൽ അമീൻ പത്രത്തിന് ഇന്ന് നൂറാണ്ട് തികയുന്നു. നൂറാം വർഷത്തിൽ അൽ അമീൻ ന്യൂസ് എന്ന പേരിൽ പത്രത്തിന്റെ ഓൺലൈൻ എഡിഷൻ അബ്ദുറഹിമാൻ സാഹിബിന്റെ ചരമദിനമായ, നവംബർ 23 ന് മലപ്പുറത്ത് നിന്നും ആരംഭിക്കുമെന്ന് മുഹമ്മദ് അബ്ദുറഹിമാൻ ട്രസ്റ്റ് ചെയർമാൻ ആര്യാടൻ ഷൗക്കത്ത് കോഴിക്കോട്ട് അറിയിച്ചു.

മഹാകവി വള്ളത്തോളിന്റെ ആശംസാ കവിതയോടെ 1924 ഒക്ടോബർ 12 നാണ് കോഴിക്കോട് നിന്നും അൽ അമീൻ പ്രസിദ്ധീകരണം ആരംഭിച്ചത്.

✪✪✪

തലശ്ശേരി മലബാർ ക്യാൻസർ സെന്ററിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 14 നില ബ്ലോക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സ്പീക്കർ AN ഷംസീറിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് യോഗത്തിൽ തീരുമാനമായി. നിർമ്മാണപ്രവർത്തനങ്ങൾ വൈകുന്നതിൽ നിർവഹണ ഏജൻസിയായ വാപ് കോസിനും കരാറെടുത്ത മലാനി കൺസ്ട്രക്ഷനും തുല്യ ഉത്തരവാദിത്വമുണ്ടെന്ന് യോഗം വിലയിരുത്തി.

✪✪✪

കേരള സമൂഹത്തിന്റെ വളർച്ചയിലെ പതാകവാഹകരായിരുന്നു ഗ്രന്ഥശാല പ്രസ്ഥാനമെന്ന് സ്പീക്കർ AN ഷംസീർ അഭിപ്രായപ്പെട്ടു. കൊല്ലം നീരാവിൽ നവോദയം ഗ്രന്ഥശാലയുടെ 75-ാം വാർഷികത്തോട് അനുബന്ധിച്ച് പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്പീക്കർ.

✪✪✪

വയനാട് ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മൂന്ന് പൊലീസുകാരുടെ കുടുംബങ്ങൾക്ക് കേരള പൊലീസ് ഹൗസിങ് സഹകരണ സംഘം വാങ്ങി നൽകുന്ന സ്ഥലത്തിന്റെ ആധാരം ഇന്ന് മീനങ്ങാടി ടൗൺഹാളിൽ കൈമാറും. കേരള പൊലീസ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ഇവർക്ക് വീടുകൾ വെച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

✪✪✪

രാജ്യത്തെ ഏറ്റവും വലിയ ആന പുനരധിവാസ കേന്ദ്രമായ കോട്ടൂരിൽ ഇന്നു മുതൽ സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കും. ഇന്നലെയാണ് നവീകരിച്ച ആന പുനരധിവാസ കേന്ദ്രം മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തത്.

✪✪✪